SUNDAY 19.05.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/05/2024

1. ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, പിലിക്കോടിൽ ഉത്പാദിപ്പിച്ച സങ്കരയിനം തെങ്ങിൻ തൈകൾ പരിമിതമായ എണ്ണത്തിൽ ഒരു റേഷൻ കാർഡിന് 10 എണ്ണം വീതം വിതരണം ചെയ്യുന്നു. അപേക്ഷകർ മെയ് മാസം 15 മുതൽ 25 വരെ 0467 2260632 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് തെങ്ങിൻ തൈകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടുതൽ തെങ്ങിൻ തൈകൾ പരമാവധി അൻപത് എണ്ണം വരെ ആവശ്യമുള്ളവർ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി ബുക്കിംഗ് സമയത്ത് അറിയിക്കേണ്ടതാണ്. തൈകളുടെ ലഭ്യതയ്ക്കനുസരിച്ച് ബുക്കിംഗ് പരിമിതപ്പെടുത്തുന്നതായിരിക്കും. ജൂൺ മാസം ആദ്യവാരം മുതൽ തൈകളുടെ വിതരണം അരംഭിക്കും. ഒരു തെങ്ങിൻ തൈയുടെ വില 325 രൂപ .

2. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ** മെയ് 20, 21 തീയതികളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫീസ് അടയ്ക്കേണ്ടതാണ്. പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0479 2449268, 2959268, 9447790268 എന്നീ ഫോൺ നമ്പറിൽ മെയ് 18 ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതും 20ന് രാവിലെ 9 മണിക്ക് കൃഷി വിജ്ഞാന കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതുമാണ്.

3. കാർഷിക സർവ്വകലാശാലയുടെ കീഴിൽ എറണാകുളം ജില്ലയിലെ ഓടക്കാലിയിൽ പ്രവർത്തിക്കുന്ന സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിൽ ഇഞ്ചിപ്പുല്ല് വിത്തുകൾ (seeds fluff) കിലോയ്ക്ക് 3700/- രൂപ എന്ന നിരക്കിൽ വിൽപ്പനയ്ക്ക്

ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9744943832, 8075169701 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര കാർഷിക കോളേജ്, പുഷ്പകൃഷി വിഭാഗത്തിൽ ഓണവിപണി ലക്ഷ്യമാക്കി ചെണ്ടുമല്ലി, വാടാർമല്ലി എന്നിവയുടെ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. താല്പര്യമുള്ളവർ ഈ മാസം 20 നു (20.05.2024) മുമ്പായി 9074222741, 7902856458 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ വയനാട്ടിലെ പൂക്കോട് ഹെഡ്ക്വാർട്ടേഴ്സിൽ സുരക്ഷാനടപടികൾ ക്രമീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി കരാർ അടിസ്ഥാനത്തിൽ താല്ക്കാലിക നിയമനത്തിനായി ചീഫ് സെക്യൂരിറ്റി ഓഫീസർ തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അംഗീകൃത സർവ്വകലാശാലയിൽനിന്നും ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി പാസ്സായ, റിട്ടയർ ചെയ്ത, ക്യാപ്റ്റൻ റാങ്ക് അല്ലെങ്കിൽ നേവി/എയർഫോഴ്സ് എന്നിവയിൽ തത്തുല്യ റാങ്ക് ഉള്ള, 58 വയസ്സിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. മാസവേതനം 30,000 രൂപ. അപേക്ഷിയ്ക്കാനാഗ്രഹിക്കുന്നവർ സ്വന്തം ബയോഡാറ്റ രജിസ്ട്രാർ, കേരളാവെറ്ററിനറി ആന്റ് ആനിമൽ സയൻസസ്സർവ്വകലാശാല, പൂക്കോട്, ലക്കിടി പി. ഒ., വയനാട് - 673576 എന്ന വിലാസത്തിൽ മെയ് 25ന് മുമ്പ് അയയ്ക്കുക. കവറിനുമുകളിൽ സെക്യൂരിറ്റി ഓഫീസർ തസ്തിക എന്ന എഴുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

6. സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉൽപ്പാദിപ്പിക്കുന്ന 2 മാസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഈ മാസം 20 (20/05/2024) മുതൽ വിൽപ്പനയ്ക്ക്

ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000915, 0471-2468585 എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ കോഴിക്കുഞ്ഞുങ്ങളെ ബുക്ക് ചെയ്യാവുന്നതും, വാങ്ങാവുന്നതുമാണ്.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Soil Health Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി 2024 മെയ് 21. കോഴ്സ് ആരംഭിക്കുന്ന തിയ്യതി 2024 മെയ് 22. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

8. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സമ്പന്ന മാലിന്യം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മെയ് 27 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ മെയ് 26 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മെയ് 27 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2024 മെയ് 21, 22 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

10. **കാർഷിക നിർദ്ദേശം – മുളക്** –വിത്തുകൾ പാകിമു ള്ള പ്പിച്ച തൈകളാണ് നടേണ്ടത്. ഇതിനായി വിത്തുകൾ മേയ് പകുതിയോടെ തവാരണകളിലോ പ്രോ ട്രേകളിലോ ഇട്ട് മുളപ്പിച്ചെടുക്കാം. 20– 25 ദിവസം പ്രായമായ തൈകൾ മാറ്റിനടണം. ചെടികൾ തമ്മിൽ 45 സെൻറിമീറ്ററും വാരങ്ങൾ തമ്മിൽ 60 സെൻറിമീറ്ററും ഇടയകലം നൽകണം. തൈകൾ നട്ട് 50–ാം ദിവസം മുതൽവിളവെടുപ്പ് തുടങ്ങാം. അടിവളമായി ചെടിയൊന്നിന് അരക്കിലോ ജൈവവളം നൽകാവുന്നതാണ്.